# പതിമൂന്നാം കേരളനിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം : 364** **12.06.2012 ൽ മറുപടിയ്ക്ക്**

## സർക്കാർ സ്ഥാപനങ്ങൾ വരുത്തിയ വൈദ്യുതി കുടിശ്ശിക

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീമതി. പി. അയിഷാ പോറ്റി | | ശ്രീ.ആര്യാടൻ മുഹമ്മദ് (ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി) |
| (എ) | വിവിധ സർക്കാർ സ്ഥാപനങ്ങൾ കെ.എസ്.ഇ.ബി.ക്ക് വൈദ്യുതി ചാർജ് കുടിശ്ശിക ഇനത്തിൽ നൽകാനുള്ള തുക എത്രയാണ്; | (എ) 31.12.2011ലെ കണക്കനുസരിച്ച് കെ.എസ്.ഇ.ബിക്ക് സംസ്ഥാന സർക്കാർ സ്ഥാപനങ്ങളിൽ നിന്നും പിരിഞ്ഞു കിട്ടാനുള്ള കുടിശ്ശിക 139.37 കോടി രൂപയാണ്. സംസ്ഥാന പൊതു മേഖലയും സഹകരണ സ്ഥാപനങ്ങളും ഉൾപ്പെടെയുള്ള കുടിശ്ശിക രൂപ 524.38 കോടിയാണ്. കേന്ദ്രസർക്കാർ സ്ഥാപനങ്ങളിൽ നിന്നും പിരിഞ്ഞുകിട്ടാനുള്ളത് 2.08 കോടിയും കേന്ദ്രപൊതു മേഖലയിൽ നിന്നുള്ളത് 20.67കോടിയുമാണ്. സംസ്ഥാന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ 8.71 കോടി കുടിശ്ശിക വരുത്തിയിട്ടുണ്ട്. |
| (ബി) | കുടിശ്ശിക ഏറ്റവും കൂടുതൽ വരുത്തിയിട്ടുള്ള സ്ഥാപനങ്ങൾ ഏതെല്ലാമെല്ലും, തുക എത്രയെല്ലും വ്യക്തമാക്കുമോ; | (ബി) ഓരോ വിഭാഗത്തിലും ഏറ്റവും കൂടുതൽ കുടിശ്ശിക വരുത്തിയിട്ടുള്ള സ്ഥാപനങ്ങളും 31.12.2011 വരെയുള്ള കുടിശ്ശികയും ചുവടെ ചേർക്കുന്നു. |

| | |
|---|---|
| (i) കൃഷി വകുപ്പ് (സംസ്ഥാന സർക്കാർ) | രൂപ 45.27 കോടി |
| (ii) കേരളാ വാട്ടർ അതോറിറ്റി (പൊതുമേഖല) | രൂപ 280.03 കോടി |
| (iii) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ | രൂപ 8.71 കോടി |
| (iv) റയിൽവേ (കേന്ദ്രസർക്കാർ) | രൂപ 1.81 കോടി |
| (v) ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ (കേന്ദ്രപൊതുമേഖല) | രൂപ 3.67 കോടി |
| (vi) ബിനാനി സിങ്ക് ലിമിറ്റഡ് (സ്വകാര്യ മേഖല) | രൂപ 48.08 കോടി |

(സി) പ്രസ്തുത കുടിശ്ശിക ഈടാക്കാൻ കൈക്കൊണ്ട നടപടികൾ എന്തെല്ലാമാണ്;

(സി) (i) കുടിശ്ശിക ഈടാക്കുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ ചുവടെ ചേർക്കുന്നു.

(ii) കുടിശ്ശിക വരുത്തിയ ഉപഭോക്താക്കളുടെ വൈദ്യുതിബന്ധം കൃത്യസമയത്ത് തന്നെ വിച്ഛേദിക്കുക.

(iii) പലിശയിൽ ഇളവനുവദിച്ചുകൊണ്ട് ഒറ്റത്തവണ തീർപ്പാക്കൽ നടപ്പിലാക്കുക.

(iv) പൂട്ടിക്കിടക്കുന്ന എൽ.ടി എച്ച്.ടി വിഭാഗങ്ങളിലുള്ള പ്ലാന്റേഷൻ, വ്യവസായ സ്ഥാപനങ്ങൾ എന്നിവ ഒരു നിശ്ചിത തീയതിക്കുമുമ്പ് തുറന്നു പ്രവർത്തിക്കുകയാണെങ്കിൽ ടി സ്ഥാപനങ്ങൾ പൂട്ടിക്കിടന്നിരുന്ന കാലയളവിലെ ഫിക്സഡ് ചാർജ്ജ്, ഡിമാന്റ് ചാർജ്ജ് എന്നിവ ഒഴിവാക്കി നൽകുക.

(v) റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തുക.

(vi) കോടതികളിൽ വ്യവഹാരത്തിലിരിക്കുന്ന കുടിശ്ശിക സംബന്ധിച്ചിട്ടുള്ളവയിൽ വേഗത്തിൽ തീർപ്പാക്കാൻ ഉതകുന്ന നടപടിക ൾസ്വീകരിക്കുക.

(vii) കുടിശ്ശികയ്ക്ക് തവണവ്യവസ്ഥ അനുവദിക്കുക.

| | |
|---|---|
| (ഡി) സർക്കാർ ആഫീസുകളിലെ അമിത വൈദ്യുതി ഉപയോഗവും വൈദ്യുതി പാഴ്ചെലവും നിയന്ത്രിക്കാൻ കെ.എസ്.ഇ.ബി. മുൻകൈ എടുത്തു നടത്തുന്ന പരിശ്രമങ്ങൾ വിശദമാക്കുമോ? | (ഡി) വൈദ്യുതി ദുർവിനിയോഗം തടഞ്ഞ് ഊർജ്ജസംരക്ഷണം ഉറപ്പാക്കുന്നതിന്റെ ഭാഗമായി എല്ലാ സർക്കാർ ഓഫീസുകളിലും ഘട്ടംഘട്ടമായി പ്രീപെയ്ഡ് മീറ്ററിംഗ് സംവിധാനം കൊണ്ടു വരുന്നതിന് 2010ൽ സർക്കാർ തീരുമാനമെടുത്തിരുന്നു. അതനുസരിച്ച് 75 സർക്കാർ ഓഫീസുകളിൽ പ്രാരംഭഘട്ടം എന്ന നിലയിൽ ഈ സംവിധാനം നടപ്പിലാക്കാനുള്ള അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത സംവിധാനത്തിന്റെ സാങ്കേതിക വശങ്ങളെക്കുറിച്ചും കാര്യക്ഷമതയെക്കുറിച്ചും ഉള്ള പഠനം നടത്തുന്നതിനായി 16 സർക്കാർ ഓഫീസുകളിൽ മീറ്ററുകൾ സ്ഥാപിച്ച് പഠനം നടത്തിവരികയുമാണ്. 3 മാസമാണ് ഈ ഫീൽഡ് ട്രയലിന്റെ കാലാവധി. ഇതിന്റെ പ്രവർത്തന പുരോഗതിയും കാര്യക്ഷമതയും നിരീക്ഷിച്ച് വിലയിരുത്തിയ ശേഷം എല്ലാ സർക്കാർ ഓഫീസുകളിലും ഈ സംവിധാനം ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുന്നതാണ്. |

സെക്ഷൻഓഫീസർ